## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4818 5/2/2014 ൽ മറുപടിയ്ക്ക്

# വിഷാംശം കലർന്ന പച്ചക്കറികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. പി. കെ. ബഷീർ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികൾ അപകടകരമാം വിധം വിഷാംശങ്ങളും കീടനാശിനികളും കലർന്നതാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധമായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) കൃഷി വകുപ്പും കാർഷികസർവ്വകലാശാലയും ചേർന്ന് നടപ്പിലാക്കുന്ന "സേഫ് ടു ഈറ്റ്" പദ്ധതി പ്രകാരം മാർക്കറ്റിൽ ലഭ്യമായ വിവിധ ഇനം പച്ചക്കറികളുടെ സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ പരിശോധിക്കുന്നു. പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പച്ചക്കറികളിലെ വിഷാംശത്തിന്റെ അളവ് അനുസരിച്ച് മൂന്നായി തരംതിരിച്ച് വിഷാംശം അപകടകരമായ തോതിൽ അടങ്ങിയവ, വിഷാംശം കുറവുള്ളത്, തീർത്തും വിഷരഹിതമായി കണ്ടത് എന്ന് പട്ടികയിൽപ്പെടുത്തി റിപ്പോർട്ട് മൂന്ന് |

| | | | |
|---|---|---|---|
| | | | മാസത്തിലൊരിക്കൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ട്. കൂടാതെ പത്രമാദ്ധ്യമങ്ങളിലും റിപ്പോർട്ട് ചെയ്യാറുണ്ട്. |
| (സി) | നിലവിൽ പച്ചക്കറികളിലെ വിഷാംശം കണ്ടെത്താൻ എന്തെല്ലാം മാർഗ്ഗങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | പച്ചക്കറികളിലെ വിഷാംശം കണ്ടെത്താൻ അത്യാധുനിക സൗകര്യങ്ങളുള്ള പരിശോധന നടത്തുന്നത് കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കോളേജിൽ പ്രവർത്തിക്കുന്ന ലബോറട്ടറികളിൽ മാത്രമാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്രോമറ്റോഗ്രാഫി ഉപകരണങ്ങൾ ഉപയോഗിച്ചാണ് നൂറ് കോടിയിൽ ഒരംശം വരെയുള്ള വിഷാംശം കണ്ടെത്തുന്നത്. |
| (ഡി) | ഇത്തരത്തിലുള്ള പച്ചക്കറികൾ സംസ്ഥാനത്ത് വിൽക്കുന്നത് തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോ ; | (ഡി) | ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്ന പച്ചക്കറി സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷാംശം കലർന്ന പച്ചക്കറികളുടെ വിപണനം തടയുന്നതിനുള്ള അധികാരം ആരോഗ്യകുടുംബക്ഷേമ വകുപ്പിൻ കീഴിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കാണ്. കൃഷി വകുപ്പ് ജൈവകീടനാശിനികളും ജൈവ വളങ്ങളും ഉപയോഗിച്ചുള്ള ജൈവകൃഷി, നല്ലകൃഷി മുറകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. പച്ചക്കറികളിലെ വിഷാംശം നീക്കം ചെയ്യാനുള്ള മാർഗ്ഗങ്ങളെ കുറിച്ച് വിവിധ |

മാധ്യമങ്ങളിലൂടെയും വെബ് സൈറ്റുകളിലൂടെയും ബോധ-വല്ക്കരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജൈവകൃഷി രീതി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തുകയും ചെയ്തു വരുന്നു. പച്ചക്കറി വികസന പദ്ധതി പ്രകാരം വീട്ടുവളപ്പിൽ ജൈവപച്ചക്കറി കൃഷി പ്രോത്സാഹി-പ്പിക്കുന്നതിന് മുൻഗണന നൽകുന്നു.

(ഇ) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത നേടുന്നതിന് പഞ്ചായത്തുകൾ തോറും തരിശുഭൂമികളിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കു മോയെന്ന് വ്യക്ത മാക്കുമോ?

(ഇ) 2013-14 വർഷത്തിൽ പഞ്ചായത്തുകൾ തോറും തരിശ് ഭൂമികളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന തിനായി പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ